**XII - CHAPTER - 7**

# വെബ് ഹോസ്റ്റിംഗ്

**1. വെബ് ഹോസ്റ്റിംഗ് :** ഇന്റർനെറ്റിൽ ഒരു വെബ്സൈറ്റ് പ്രസിദ്ധീകരിക്കാൻ അനുവദിക്കുന്ന സേവനമാണ് വെബ് ഹോസ്റ്റിംഗ്. വെബ്സൈറ്റ് ഫയലുകൾ സെർവറിൽ സംഭരിക്കുകയും വെബ് ബ്രൗസറിലൂടെ ആളുകൾക്ക് ഫയലുകൾ ആക്സസ് ചെയ്യാനും സാധിക്കുന്നു.

വെബ് ഹോസ്റ്റിംഗ് സേവനം നൽകുന്ന കമ്പനികളാണ് **വെബ് ഹോസ്റ്റ്**.

**2.വിവിധതരം വെബ് ഹോസ്റ്റിംഗുകൾ**

**2.1 ഫ്രീ ഹോസ്റ്റിംഗ് :** വെബ് പേജുകൾ യാതൊരു ചെലവും കൂടാതെ ഹോസ്റ്റ് ചെയ്യാൻ സാധിക്കുന്നു. എന്നാൽ ഇതിനു യൂസർ സപ്പോർട്ട് ഉണ്ടാവില്ല,കൂടാതെ കുറഞ്ഞ ബാൻഡ്‌വിഡ്ത്തും ആയിരിക്കും.ഹോസ്റ്റ് കമ്പനി ചെയ്ത വെബ്സൈറ്റുകളിലൂടെ പരസ്യങ്ങൾ നൽകി ലാഭം കണ്ടെത്തുന്നു.

**2.2 ഷെയേർഡ് ഹോസ്റ്റിങ് :** റാം, സിപിയു,സ്റ്റോറേജ് സ്പേസ് തുടങ്ങിയ റിസോർസുകൾ പങ്കിടുകയും അതിലൂടെ ചില കമ്പനികൾക്കു ഒന്നിൽ കൂടുതൽ വെബ്സൈറ്റുകൾ ഒരേ സമയം വെബ് സെർവറിൽ ഹോസ്റ്റ് ചെയ്യാനും സാധിക്കും.ഇത്തരം ഹോസ്റ്റിങ് വിലക്കുറവും,ട്രാഫിക് കുറവുള്ള ചെറിയ വെബ്സൈറ്റുകൾക്ക് ഉപയോഗിക്കാൻ എളുപ്പവുമാണ്.ബാൻഡ്‌വിഡ്ത്ത് നിരവധി വെബ്സൈറ്റുകൾ പങ്കിടുന്നതിലൂടെ മറ്റെല്ലാ വെബ്സൈറ്റുകളും ഡൗണാകും എന്നതാണ് ഇതിന്റെ പോരായ്മ.

**2.3 ഡെഡിക്കേറ്റഡ് ഹോസ്റ്റിങ് :** ഒരു ക്ലയന്റ്/വെബ്സൈറ്റിന് വേണ്ടി മാത്രം സെർവർ സ്പേസും,CPU ,RAM തുടങ്ങിയ റിസോർസുകൾ ഉപയോഗപ്പെടുത്തുന്നു. അതിലൂടെ ഉയർന്ന ബാൻഡ് വിഡ്ത്തും മികച്ച പ്രവർത്തന വേഗതയും ലഭ്യമാകുന്നു.ചെലവ് കൂടുതലാണ് എന്നതാണ് പ്രധാന ന്യൂനത

**2.4 വെർച്വൽ പ്രൈവറ്റ് സെർവർ ഹോസ്റ്റിങ്** ( VPS - Virtual Private Server ) **:** ഒരു വെബ് സെർവറിനെ നിരവധി സ്വതന്ത്ര സെർവറുകളായി വിഭജിക്കുകയും ആയതിന്റെ CPU ,RAM തുടങ്ങിയ റിസോർസുകൾ ഷെയർ ചെയ്യുന്നു. ഷെയേർഡ് ഹോസ്റ്റിംഗിനേക്കാൾ കൂടുതൽ സൗകര്യവും, ഡെഡിക്കേറ്റഡ് നേക്കാൾ ചെലവ് കുറവുമാണിതിന്.

**3. ഡൊമെയ്ൻ നെയിം രജിസ്ട്രേഷൻ സ്റ്റെപ്സ്** **DNS ( Domain Name System )**

i) വെബ്സൈറ്റിനായി ഡൊമെയ്ൻ നെയിം തീരുമാനിക്കുക
ii) ICANN-ന്റെ ഡാറ്റാബേസ് ഉപയോഗിച്ച് ഡൊമെയ്ൻ നെയിം ലഭ്യമാണോയെന്ന് പരിശോധിക്കുക
iii) '**WHOIS' ഡാറ്റാബേസിൽ പേര്, വിലാസം, ഫോൺ നമ്പർ, ഇ-മെയിൽ വിലാസം മുതലായവ നൽകുക**
iv) വാർഷിക ഫീസ് അടയ്ക്കുക
v) 'A റെക്കോർഡ്' പരിഷ്ക്കരിക്കുക

**4 .FTP ക്ലയന്റ് സോഫ്റ്റ് വെയർ** : നമ്മുടെ കമ്പ്യൂട്ടറിൽ നിന്നുള്ള വെബ്സൈറ്റ് ഫയലുകളെ വെബ് സെർവറിലേക്ക് അപ്‌ലോഡ് ചെയ്യുന്നതിനുള്ള സോഫ്റ്റ് വെയർ.

**FTP ക്ലയന്റ് സോഫ്റ്റ്‌വെയർ പ്രവർത്തനം**

FTP സോഫ്റ്റ് വെയർ വിൻഡോയിൽ, ഇടതുവശത്തുള്ള ഭാഗം നമ്മുടെ കമ്പ്യൂട്ടറിലെ ഫോൾഡറുകളും ഫയലുകളും പ്രദർശിപ്പിക്കുന്നു,വലത് വശം വെബ് സെർവർ കമ്പ്യൂട്ടറിലെ ഫയലുകൾ ഫോൾഡറുകളും പ്രദർശിപ്പിക്കുന്നു.'ഡ്രാഗ് ആൻഡ് ഡ്രോപ്പ്' രീതി ഉപയോഗിച്ച് നമ്മുടെ കമ്പ്യൂട്ടറിൽ നിന്ന് വെബ് സെർവറിലേക്ക് ഫയലുകൾ കൈമാറാൻ കഴിയും. **സോഫ്റ്റ് വെയറുകളുടെ പേര് : FileZilla,CuteFTP, Smart FTP**

➤FTP സോഫ്റ്റ്‌വെയറിൽ SFTP (സെക്യൂർ ഫയൽ ട്രാൻസ്ഫർ പ്രോട്ടോക്കോൾ) ഉപയോഗിക്കുന്നതിന്റെ പ്രയോജനം?

**ഉത്തരം :** FTP സോഫ്റ്റ് വെയർ സുരക്ഷിതമല്ലാതെ അയക്കുമ്പോൾ, SFTP സോഫ്റ്റ് വെയർ ഉപയോഗിച്ച് യൂസർ നെയിം,പാസ്സ്‌വേർഡ്,ഡാറ്റ എന്നിവ സെർവറിലേക്ക് എൻക്രിപ്റ്റ് ചെയ്ത് സുരക്ഷിതമായി അയക്കുന്നു.

**5 .കണ്ടെന്റ് മാനേജ്മന്റ് സിസ്റ്റം :** ഡൈനാമിക് വെബ്സൈറ്റുകൾ എളുപ്പത്തിൽ നിർമിക്കുന്നതിനും നിയന്ത്രിക്കുന്നതിനും പബ്ലിഷ് ചെയ്യുന്നതിനും ഉപയോഗിക്കുന്ന വെബ് അധിഷ്ഠിത സോഫ്റ്റ് വെയറാണിത്. CMSൽ ധാരാളം ടെംപ്ലേറ്റുകൾ ലഭ്യമാണ്. **സോഫ്റ്റ് വെയറുകളുടെ പേര് : WordPress, Drupal, Joomla**

**6 .റെസ്പോൺസീവ് വെബ് ഡിസൈൻ:** സ്ക്രീൻ വലിപ്പം പരിഗണിക്കാതെ എല്ലാ ഡിവൈസുകളിലും ഒരേപോലെ വെബ്സൈറ്റ് ദൃശ്യമാക്കുന്നതിനായി ഉപയോഗിക്കുന്നു.ഫ്ലെക്സിബിൾ ഗ്രിഡ് ലേഔട്ട്, മീഡിയ ക്വാറീസ് എന്നിവ ഉപയോഗിക്കുന്നു.